മിസ്റ്റർ എം. കെ. വർഗ്ഗീസ്: ഫിഷറി ട്രെയിനിംഗിനു Zoology graduates വേണമെന്നു ഇൻഡ്യാഗവൺമെണ്ടിൽനിന്നും നിബന്ധനയുണ്ടാകുവാൻ വല്ല പ്രത്യേക കാരണവുമുണ്ടോ?

മിസ്റ്റർ പറമ്പിലോനപ്പൻ: ഇൻഡ്യാഗവൺമെണ്ടിനു എന്തു കാരണമാണുണ്ടായതെന്നു അറിഞ്ഞുകൂടാ. I want notice.

മിസ്റ്റർ പി. കെ. ഡീവർ: ഫിഷറി സൂപ്രഡണ്ടായ മിസ്റ്റർ കേശവനെ ഫിഷറിട്രെയിനിംഗിനു എടുത്തകാലത്തു അദ്ദേഹം ഒരുകൊല്ലം ഇവിടത്തെ കോളേജിലെ സുവോളജി പ്രൊഫസരുടെ കീഴിൽ സുവോളജി പഠിച്ചതായിട്ടു ഗവൺമെണ്ടിന്നറിയാമൊ? I think the Revenue Member can say that.

Rao Sahib A. Madhava Prabhu *(Diwan Peishkar)* : I want notice. It is past history.

മിസ്റ്റർ പി. കെ. ഡീവർ: അദ്ദേഹം മദ്രാസ് ഗവൺമെണ്ടിന്റെ കീഴിൽ ഫിഷറിട്രെയിനിംഗു കഴിച്ചതായിട്ടു ഗവൺമെണ്ടിന്നറിയാമൊ?

മിസ്റ്റർ പറമ്പി ലോനപ്പൻ: എന്റെ അറിവു ഉണ്ടെന്നാണ്.

മിസ്റ്റർ പി. കെ. ഡീവർ: ആ കാലത്തു ഒരു കൊല്ലം അദ്ദേഹം സുവോളജി പ്രൊഫസരുടെ കീഴിൽ സുവോളജി പഠിച്ചതായിട്ടു ഗവൺമെണ്ടിന്നു അറിഞ്ഞുകൂടെ?

മിസ്റ്റർ പറമ്പിലോനപ്പൻ: നോട്ടീസ്സു വേണം.

GODOWNS—REQUISITIONING OF—MATTANCHERI MUNICIPALITY

40. Choudhury G. S. Dhara Singh *(Mattancheri)*: Will Government be pleased to state.—

have any godowns been requisitioned by the Mattancheri Municipality; if so, how many; what was the total rent paid for the same till now?

Mr. K. Balakrishna Menon *(Minister for Development)*:

No godown was requisitioned by the Mattancheri Municipality. But one acquired under the L. A. Act for widening the Mattancheri Bazaar road was for some time rented to the Food Supply Department. The total rent paid for the building is Rs. 704—11—0.

PRAJAMANDAL PARTY—RESOLUTIONS OF

41. ചൌധരി ജി. എസ്സ്. ധാരാസിംഗ്: താഴെ പറയുന്ന ചോദ്യത്തിന്നു ഗവൺമെണ്ടു ദയവു മറുപടി പറയുമോ.—

ഇക്കഴിഞ്ഞ മേയ് മാസം കുമ്പളങ്ങിവച്ചു കൂടിയ കൊച്ചിതാലൂക്കു പ്രജാമണ്ഡലം സമ്മേളനത്തിൽവച്ചു പാസ്സാക്കിയ പ്രമേയങ്ങൾ ഗവൺമെണ്ടിന്നു കിട്ടിയിട്ടുണ്ടൊ?

രാമവർമ്മ തമ്പുരാൻ:

ടി പ്രമേയങ്ങൾ ഗവൺമെണ്ടിന്നു കിട്ടീയിട്ടില്ല.

ചൌധരി ജി. എസ്സ്. ധാരാസിംഗ്: ഈ ചോദ്യത്തിന്നു മറുപടി കൊടുത്തതിന്നു ശേഷം കിട്ടീട്ടുണ്ടോ?

രാമവർമ്മതമ്പുരാൻ: കിട്ടീട്ടില്ല.

CERTAIN TANKS—REPAIRS TO—CRANGANUR TALUK

42. മിസ്റ്റർ എം. കെ. വർഗീസ്: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട ഗവൺമെണ്ടു ദയവായി മറുപടി പറയുമോ.—

കൊടുങ്ങല്ലൂർ താലൂക്കിൽപ്പെട്ട ഉളവാകുളം, വെട്ടിക്കുളം, പടാകുളം എന്നീ കുളങ്ങളും അടുത്ത കാലത്തിൽ വെട്ടി നന്നാക്കുന്നുണ്ടൊ?

മിസ്റ്റർ ബി. കെ. മേനോൻ:

ഉളവാകുളം നിവൃത്തിയുള്ളപക്ഷം വരുന്ന കൊല്ലത്തിൽ വെട്ടി നന്നാക്കുന്നതാണ്. വെട്ടിക്കുളം നന്നാക്കുന്നതിനു ഫണ്ടു-ലെ മരാമത്തു ലിസ്റ്റിൽ വക കൊള്ളിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly